**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:7464 14.07.2014-ൽ മറുപടിയ്ക്ക്

## അച്ചടി വകുപ്പ് ജീവനക്കാരനെതിരെ അച്ചടക്ക നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ശിവൻകുട്ടി | | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി) |
| (എ) ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഒന്നാം ഗ്രേഡ് പ്രിന്റർ എസ്. ലതാകുമാരിയോട് അപമര്യാദയായി പെരുമാറിയതു സംബന്ധിച്ച് ഏതെങ്കിലും ജീവനക്കാരനെതിരെ പരാതി ലഭിച്ചിട്ടുണ്ടോയെന്ന വ്യക്തമാക്കമോ; | (എ) | തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ജൂനിയർ ഫോർമാൻ (ബൈന്റിംഗ് വിഭാഗം) ശ്രീ.കെ.മോഹനനെതിരെ പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് അച്ചടി വകുപ്പ് ഡയറക്ടർ എന്തെങ്കിലും നടപടി ആർക്കെതിരെയെങ്കിലും സ്വീകരിച്ചിട്ടുണ്ടോ എന്ന വ്യക്തമാക്കമോ ; | (ബി& സി) | അച്ചടിവകുപ്പിൽ രൂപീകരിച്ചിട്ടുള്ള വനിതാ പരാതിപരിഹാരസെൽ പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പരാതിയിൽ പറയുന്ന സംഭവം നടന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |
| (സി) ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്നും, ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കമോ ? | | |

സെക്ഷൻ ഓഫീസർ

## തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിലെ ഒന്നാം ഗ്രേഡ് പ്രിന്റർ ശ്രീമതി. എസ്. ലതാകുമാരി 15.11.13 ന് അച്ചടി വകുപ്പു ഡയറക്ടർക്കു നൽകിയ പരാതിയിന്മേലുള്ള വനിതാ പരാതി പരിഹാരസമിതിയുടെ റിപ്പോർട്ട്.

ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഒന്നാം ഗ്രേഡ് പ്രിന്റർ ശ്രീമതി. ലതാകുമാരി 15.11.13 ന് അച്ചടി വകുപ്പു ഡയറക്ടർക്കു നൽകിയ 13.11.13 ലെ പരാതി പരിശോധിച്ചു റിപ്പോർട്ട് നൽകുന്നതിനായി സമിതിക്കു ലഭിച്ചിരുന്നു. ആയത് സമിതി 22.11.13 ന് കമ്മിറ്റി കൂടി വിശദമായി പരിശോധിച്ചു. ഗവ. സെൻട്രൽ പ്രസ്സിലെ ബൈന്റിംഗ് വിഭാഗം ജൂനിയർ ഫോർമാൻ ശ്രീ. കെ. മോഹനൻ 13.11.13 ന് ഉച്ചയ്ക്കു 2.30 ന് ക്യാഷ് സെക്ഷന്റെ മുന്നിൽ വച്ചു തന്നെ അസഭ്യം പറഞ്ഞു എന്നതാണ് പരാതിയിലെ ഉള്ളടക്കം.

ശ്രീമതി. ലതാകുമാരിയെ കമ്മിറ്റി മുൻപാകെ ഹാജരാകണമെന്ന് ആവശ്യപ്പെടുകയും 03.12.13 ന് നടന്ന സിറ്റിംഗിൽ ടിയാളുടെ മൊഴിയെടുക്കുകയും ചെയ്തു. തുടർന്ന് പരാതിയിൽ പ്രതിയായി പരാമർശിക്കപ്പെട്ടിട്ടുള്ള ശ്രീ. മോഹനനെയും ശ്രീമതി. ലതാകുമാരിയുടെ മൊഴിയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള 7 ജീവനക്കാരുടെയും മൊഴിയെടുത്തു. തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിലെ 38 വനിതാ ജീവനക്കാർ ഒപ്പിട്ട ഒരു നിവേദനം 09.12.13 ന് ലഭിയ്ക്കുകയുണ്ടായി. അതിൽ ശ്രീ. മോഹനനെതിരെ ലതാകുമാരി കൊടുത്തിട്ടുള്ളത് കള്ളപരാതിയാണെന്നും ഇത് വനിതാ ജീവനക്കാരായ ഞങ്ങൾക്ക് അപമാനകരമാണെന്നും അതിനാൽ ഞങ്ങളുടെ അഭിപ്രായം ആരായണമെന്നും ആവശ്യപ്പെട്ടിരുന്നു. 38 ജീവനക്കാരുടെയും മൊഴിയെടുക്കുന്നത് ബുദ്ധിമുട്ടായതിനാൽ അവരെ പ്രതിനിധീകരിച്ച് അഭിപ്രായം രേഖപ്പെടുത്താൻ താല്പര്യമുള്ള ജീവനക്കാർ 13.12.13 ന് കമ്മിറ്റി മുൻപാകെ ഹാജരാകാൻ ആവശ്യപ്പെട്ടതനുസരിച്ച് മുന്നു ജീവനക്കാരികൾ ഹാജരായി മൊഴി നൽകുകയുണ്ടായി.

ശ്രീമതി. ലതാകുമാരിയും ശ്രീ. മോഹനനും അവരവരുടെ മൊഴികളിൽ ഇതുവരെയും പരസ്പരം സംസാരിച്ചിട്ടില്ല എന്നു വ്യക്തമാക്കിയിട്ടുണ്ട്. സാക്ഷികളെ വിസ്തരിച്ചപ്പോഴും ഇവർ തമ്മിൽ സംസാരിക്കുന്നത് കണ്ടിട്ടില്ലായെന്നും കേട്ടിട്ടില്ലായെന്നുമാണ് മൊഴി നൽകിയിട്ടുള്ളത്. ശ്രീമതി. ലതാകുമാരി ആദ്യം ഐ.എൻ.റ്റി.യു.സി എന്ന സംഘടനയിലായിരുന്നുവെന്നും കൗണ്ടർ തസ്തികയിലേക്കുള്ള പ്രൊമോഷനുമായി ബന്ധപ്പെട്ട് ടിയാളുടെ ആവശ്യം നടക്കാത്തതിനെത്തുടർന്ന് സി.ഐ.റ്റി.യു വിലേക്ക് മാറിയതായും ടിയാൾ മൊഴിനൽകിയിട്ടുണ്ട്. ഐ.എൻ.റ്റി.യു.സിയിലായിരുന്നപ്പോഴും ആ സംഘടനയിലെ നേതാവായ ശ്രീ. മോഹനനോട് സംസാരിച്ചിട്ടില്ലായെന്നാണു ശ്രീമതി. ലതാകുമാരി പറഞ്ഞിട്ടുള്ളത്. ഇതിൽ നിന്നും ഇപ്രകാരം സംസാരിച്ചിട്ടില്ലാത്ത ഒരു വ്യക്തി പെട്ടെന്നൊരു സന്ദർഭത്തിൽ പരാതിയിൽ പരാമർശിക്കുന്ന അസഭ്യ വാക്കുകൾ ടിയാളോട് പറഞ്ഞിട്ടുണ്ട് എന്നത് ബോധ്യപ്പെടാൻതക്ക തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

എതിർവശത്തു നിന്നിരുന്ന ഹരി എന്ന ജീവനക്കാരനെ പേരെടുത്തുവിളിച്ചാണ് ശ്രീ. മോഹനൻ ഇപ്രകാരം അനാവശ്യം പറഞ്ഞതെന്ന് പരാതിക്കാരി മൊഴി നൽകിയിരുന്നു എങ്കിലും അവർ സൂചിപ്പിച്ച മറ്റു ജീവനക്കാരാരും തന്നെ ഇപ്രകാരം സംസാരിച്ചതു കേട്ടില്ല എന്നും അവരാരും തന്നെ ഈ സമയം ആ സ്ഥലത്തുണ്ടായിരുന്നില്ല എന്നുമാണ് മൊഴി നൽകിയിരിക്കുന്നത്. ഇപ്രകാരം എല്ലാവരും ഒരേ വിധത്തിൽ മൊഴി നൽകിയിരിക്കുന്നത് കമ്മിറ്റിക്ക് പൂർണ്ണമായും വിശ്വാസത്തിലെടുക്കാൻ കഴിയുന്നില്ല. ശ്രീമതി. ലതാകുമാരിയെ വിളിച്ച് മൊഴിയെടുത്തതിനു ശേഷം അവരെ വ്യക്തിഹത്യ ചെയ്യുന്ന വിധത്തിൽ ഒരു ഫ്ളക്സ്ബോർഡ് മെയിൻ ഗേറ്റിനഭിമുഖമായി വച്ചിരിക്കുന്നതു കാണുകയുണ്ടായി. തുടർന്ന് മറ്റൊരു ബോർഡും പ്രത്യക്ഷപ്പെട്ടു. നേതാവിനെതിരെ പരാതി നൽകിയതറിഞ്ഞ് നേതാവിനെ അനുകൂലിച്ചുകൊണ്ട് സംഘടനയിൽപ്പെട്ട 38 വനിതകൾ ഒപ്പിട്ട നിവേദനം സെല്ലിനു ലഭിച്ചിട്ടുണ്ട്.

അതിൽപ്പെട്ട മൂന്നുപേർ കമ്മിറ്റിക്കു മുമ്പാകെ ഹാജരായി മൊഴി നൽകുകയും ചെയ്തു. ഈ പരാതിയെക്കുറിച്ച് അന്വേഷണം നടക്കുന്ന അവസരത്തിൽ സിറ്റിംഗ് നടന്ന ദിവസം തന്നെ, ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു ധർണ്ണ നടന്നതും ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു.

പരാതിക്കാരിക്ക് അനുകൂലമായത് എന്നു പറഞ്ഞാൽ സംഭവം കഴിഞ്ഞ് കണ്ണു തുടച്ചുകൊണ്ട് പോകുന്നതായി കണ്ട ശ്രീ. ചന്ദ്രകുമാർ എന്താണെന്നു ചോദിച്ചപ്പോൾ ഒന്നുമില്ല എന്നു ശ്രീമതി. ലതികാകുമാരി മറുപടി പറയുകയും രണ്ടുദിവസം കഴിഞ്ഞ് ശ്രീ. മോഹനൻ തന്നെ അനാവശ്യം പറഞ്ഞുവെന്നു പറഞ്ഞതായി ശ്രീ. ചന്ദ്രകുമാർ മൊഴി നൽകിയതാണ്. അല്ലാതെ ശ്രീ. മോഹനൻ മാനസിക വിഷമം ഉണ്ടാക്കുന്ന അസഭ്യവാക്കുകൾ ടിയാളോട് പറഞ്ഞുവെന്ന് ശ്രീമതി. ലതാകുമാരി ആഫീസിലെ മറ്റാരോടും പറഞ്ഞിട്ടില്ല എന്നാണ് മൊഴികളിൽ നിന്നും മനസ്സിലാക്കുന്നത്. പ്രതിയുടെയും സാക്ഷികളുടെയും മൊഴികളിൽ നിന്നും 13.11.13 ~~ന് 2.30 ന് ക്യാഷ് /~~ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷന്റെ മുന്നിൽ ഇവർ ഉണ്ടായിരുന്നുവെന്നു തെളിയിക്കാൻ സമിതിക്കു സാധിച്ചിട്ടില്ല. ഫ്ളക്സ് അടിച്ചുകൊണ്ടിരുന്ന ശ്രീ. ഹരീന്ദ്രനോട് എടാ ഹരീ, എന്നു വിളിച്ചാണ് ശ്രീ. മോഹനൻ ലതയോട് അനാവശ്യം പറഞ്ഞുവെന്ന് ലതാകുമാരി മൊഴി നൽകിയിരുന്നുവെങ്കിലും ശ്രീ. ഹരിന്ദ്രൻ പറഞ്ഞത് അന്നേരം അവിടെ വച്ചു ഫ്ളക്സ് അടിച്ചിട്ടില്ലായെന്നാണ്. ശ്രീമതി. ലതാകുമാരിയുടെ മൊഴിയിൽ അവിടെ കൂടെയുണ്ടായിരുന്നു എന്നു പറഞ്ഞിട്ടുള്ള ശ്രീ. ഷാജികുര്യൻ അന്നേരം ഒരു കമ്മിറ്റിയിൽ ഹാജരായിരുന്നു എന്നു മൊഴിനൽകുകയും അതിനു തെളിവു ഹാജരാക്കുകയും ചെയ്തു. ശ്രീ. സോമശേഖരന്റെ മൊഴിയിൽ ശ്രീ. മോഹനൻ എപ്പോഴും തന്റെ കൂടെയുണ്ടാകാറുണ്ടെന്നും അന്നും കൂടെയുണ്ടായിരുന്നു എന്നും സൂചിപ്പിച്ചിട്ടുണ്ട്. സംഭവം നടന്നതായി പറയപ്പെടുന്ന 13.11.13 ന് ഉച്ചയ്ക്കു 2.30 ന് ശ്രീ. മോഹനൻ സെക്ഷനിൽ ആയിരുന്നുവെന്നും ഫോർമാൻമാരായ ശ്രീമതി. വിമല, ശ്രീമതി. രുഗ്മിണി എന്നിവർ ആ സമയം സെക്ഷനിൽ കൂടെയുണ്ടായിരുന്നുവെന്നും ശ്രീ. മോഹനൻ പറഞ്ഞിട്ടുണ്ട്. ടി സെക്ഷനിലെ അസിസ്റ്റന്റ് ഫോർമാൻ ശ്രീമതി. രുഗ്മിണിയോട് അന്വേഷിച്ചപ്പോൾ ടിയാൾ അന്നേദിവസം 2 മണിയ്ക്ക് പാസ് എടുത്തുപോയെന്നും ആ സമയം ശ്രീ. മോഹനനും ശ്രീമതി. വിമലയും സെക്ഷനി- ലുണ്ടായിരുന്നുവെന്നും പറഞ്ഞിട്ടുണ്ട്.

ആഫീസ് സമയം ഫ്ളക്സ് അടിയ്ക്കുന്നതിനെക്കുറിച്ച് അന്വേഷണം നടത്തിയപ്പോൾ ക്ലബിന്റെ പുറകിൽ വച്ചാണ് ഫ്ളക്സ് അടിയ്ക്കുന്നതെന്നും ആഫീസ് സമയം രാവിലെയോ വൈകുന്നേരമോ ആണ് ഫ്ളക്സ് അടിക്കാറുള്ളതെന്നുമാണ് എല്ലാവരും മൊഴി നൽകിയത്. ഇതേക്കുറിച്ചു സെക്യൂരിറ്റി ജീവനക്കാരോട് അന്വേഷിച്ചപ്പോൾ രാവിലെയും വൈകുന്നേരവുമാണ് ഫ്ളക്സ് വയ്ക്കുന്നതെന്ന് ഒരാളും, പ്രത്യേകിച്ചു സമയമൊന്നുമില്ല ആഫീസ് സമയത്ത് ഏതു സമയത്തും ഫ്ളക്സ് വയ്ക്കാറുണ്ടെന്ന് മറ്റൊരാളും അറിയിച്ചു.

ശ്രീമതി. ലതാകുമാരി തന്റെ മൊഴിയിൽ പറഞ്ഞിരിക്കുന്നതുപോലെ, ടിയാൾ കണ്ണുതുടച്ചുകൊണ്ടു പോകുന്നതായി കണ്ടു എന്ന് ശ്രീ. ചന്ദ്രകുമാർ മൊഴി നൽകി- യിട്ടു നിന്നും ശ്രീമതി. ലതാകുമാരിക്ക് മനോവിഷമമുണ്ടാക്കുന്ന വിധത്തിലുള്ള സംഭവം അന്നേരമുണ്ടായിട്ടുണ്ട് എന്ന് കമ്മിറ്റി കരുതുന്നു. സ്ത്രീകൾ നൽകുന്ന പരാതിയിന്മേൽ സ്ത്രീകൾക്ക് പരിരക്ഷ നൽകണമെന്ന സുപ്രീംകോടതി വിധി, ഇത്തരം വിഷയങ്ങളിൽ പ്രാധാന്യം അർഹിക്കുന്നതാണ്. പരാതിക്കാരിയുടെ മൊഴിക്കാണ് പ്രാധാന്യം. സാക്ഷിമൊഴികളുടെ പോലും ആവശ്യമില്ല എന്നാൽ ഈ കേസിൽ പരാതിക്കാരിതന്നെ സാക്ഷികളെ ഹാജരാക്കിയിട്ടുള്ളതിനാൽ അവരുടെ മൊഴിയെടുക്കേണ്ടതായും അത് പരിശോധിക്കേണ്ടതായും വന്നു. അവരുടെ മൊഴികളിൽ നിന്നും ഇങ്ങനെയൊരു സംഭവം നടന്നതായി കമ്മിറ്റിക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

1. ശ്രീമതി. റ്റി. പ്രസന്നകുമാരി – ചെയർപേഴ്സൺ – ഒപ്പ്
2. ശ്രീമതി. ഷീലാറൊസാരിയോ – എൻ.ജി.ഒ – ”
3. ശ്രീ. എം.എം. മോഹനൻ – മെമ്പർ – ”
4. ശ്രീമതി. ഗീതാബാലൻ – മെമ്പർ – ”
5. ശ്രീമതി. സലിലബീവി – ” – ”
6. ശ്രീമതി. റീറ്റാവർഗ്ഗീസ് – ” – ”
7. ശ്രീമതി. ഷീജ.എസ് – ” – ”

ഇതോടൊപ്പം സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ ഗൗരവമായി കണക്കിലെടുത്ത് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും വിവരം സമിതിയെ അറിയിക്കണമെന്നും താല്പര്യപ്പെടുന്നു.

chairperson